പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.1638 | 03.05.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**വർക്കല പള്ളിക്കൽ സി.എച്ച്.സിയിൽ ഐ.പി. ബ്ലോക്കിനുള്ള കെട്ടിടം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. ജോയി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | വർക്കല മണ്ഡലത്തിലെ പള്ളിക്കൽ സി.എച്ച്.സിയിൽ ഐ.പി. ബ്ലോക്കിനുള്ള കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. പള്ളിക്കൽ സി.എച്ച്.സിയിൽ ഐ.പി. ബ്ലോക്കിനുള്ള കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | ആയതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുവെങ്കിൽ കെട്ടിടം പണി പൂർത്തിയാക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | സർക്കാർ ഉത്തരവ് (സാധാ) നം. 731/2013/ ആകുവ തീയതി 05/03/13 പ്രകാരം പള്ളിക്കൽ സി.എച്ച്.സിയ്ക്ക് 20 കിടക്കകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മുൻ എം. എൽ.എ ശ്രീ. വർക്കല കഹാർ അവർകളുടെ എം.എൽ.എ ഫണ്ടിൽ നിന്നും കിടത്തി ചികിത്സയ്ക്ക് വേണ്ടി 20 കിടക്കകളുള്ള ഇരുനിലകെട്ടിടത്തിന്റെ നിർമ്മാണത്തിന് ഒരു കോടി രൂപയുടെ ഭരണാനുമതി ജി.ഒ (ആർ.റ്റി) നം. 1606/14 ആ.കു.വ തീയതി 19/05/14 പ്രകാരം ഉത്തരവായിട്ടുണ്ട്. കെട്ടിടം പണി പൂർത്തീകരിക്കുന്നതിനുള്ള ബാക്കിയുള്ള നിർമ്മാണ പ്രവർത്തനത്തിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് പ്രപ്പോസൽ സമർപ്പിക്കാൻ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത കെട്ടിടം പൂർത്തിയാക്കുന്നതിന് ആവശ്യമുള്ള ഫണ്ട് ആരോഗ്യവകുപ്പിൽ നിന്നും അനുവദിച്ച് നൽകുമോ; | സി) | ജില്ലാ മെഡിക്കൽ ആഫീസറിൽനിന്ന് എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | പള്ളിക്കൽ സി.എച്ച്.സി ക്ക് ഇരുനില കെട്ടിടം നിർമ്മിക്കുന്നതിന് 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്നാവശ്യ പ്പെട്ട് മന്ത്രിക്ക് നല്കിയ കത്തിന്മേലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ? | ഡി) | ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ